ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇക്കാര്യത്തിനായി ഫണ്ട് ലഭ്യമാണോ എന്ന് പരിശോധിച്ചുവരുന്നു.

9 (1643) മാട്ടൂൾ പഞ്ചായത്തിൽ ഫിഷറീസ് ഡിസ്പെൻസറി അനുവദിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൾ പഞ്ചായത്തിൽ ഫിഷറീസ് ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഡിസ്പെൻസറി എപ്പോൾ ആരംഭിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ:

(സി) ഡിസ്പെൻസറി വേഗത്തിൽ ആരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ)-(സി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. നിവേദനത്തിലെ ആവശ്യം പരിശോധിച്ചു വരുന്നതേയുള്ളൂ.

10 (1644) "സാമൂഹ്യ വികസന വകുപ്പ് തൊഴിൽദാന പദ്ധതി"

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. വി. ബാലറാം :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവികസന വകുപ്പ് ഏതെല്ലാം വിധത്തിലുള്ള തൊഴിൽദാന പദ്ധതി സംബന്ധിച്ച ഫണ്ടുകളാണ് കൈകാര്യം ചെയ്യുന്നതെന്ന് അറിയിക്കുമോ:

(ബി) 1998-99 സാമ്പത്തികവർഷത്തേക്ക് സംസ്ഥാന വിഹിതത്തിലും കേന്ദ്ര വിഹിതത്തിലുംപെടുത്തി ഓരോ തൊഴിൽദാന പദ്ധതിക്കും വേണ്ടി വകയിരുത്തിയ തുക എത്ര; ഇതിൽ എന്തു തുക ചെലവാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യ വികസന വകുപ്പ് തൊഴിൽദാന പദ്ധതികൾ നടപ്പാക്കുന്നില്ല. ഗ്രാമവികസന വകുപ്പ് ജവഹർ തൊഴിൽദാന പദ്ധതി (ജെ.ആർ.വൈ) ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (ഇ.എ.എസ്.) ദശലക്ഷം കിണർ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി (എം.ഡബ്ല്യൂ.എസ്.) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) എന്നീ തൊഴിൽദാന പദ്ധതികളെ സംബന്ധിച്ച ഫണ്ടുകൾ കൈകാര്യം ചെയ്യുന്നുണ്ട്.

(ബി) അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.

11 (1645) ഗ്രാമവികസന പ്രവർത്തനങ്ങൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സന്നദ്ധസംഘടനകളെ സംബന്ധിച്ച സ്ഥിതിവിവര കണക്ക് ഗവൺമെന്റിന് ലഭ്യമാണോ;

(സി) സന്നദ്ധസംഘടനാ പ്രവർത്തകർക്ക് വികസന പ്രവർത്തനങ്ങളിലെ പങ്കാളിത്തത്തിനായി പരിശീലനം നൽകാൻ സംവിധാനമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമവികസന പദ്ധതികളിൽ പങ്കാളികളായ 885 സന്നദ്ധസംഘടനകളുടെ സ്ഥിതിവിവര കണക്ക് ലഭ്യമാണ്.

(സി) സന്നദ്ധസംഘടനാ പ്രവർത്തകർക്ക് 'കപാർട്ട്' (കൗൺസിൽ ഫോർ അഡ്വാൻസ്മെന്റ് ഓഫ് പീപ്പിൾസ് ആക്ഷൻ ആന്റ് റൂറൽ ടെക്നോളജി) പദ്ധതികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരിശീലനം പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ് (കേരള) (പാഡ്കെ) മുഖാന്തിരം നൽകാറുണ്ട്. സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിലും ഗ്രാമവികസന പദ്ധതികളെ സംബന്ധിച്ച് സന്നദ്ധസംഘടനകൾക്ക് പരിശീലനം നൽകിവരുന്നുണ്ട്.

12 (1649) സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്രസഹായം

ശ്രീ. പി.ജെ. ജോയി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സുധാകരൻ:
ശ്രീ. എ.കെ. മണി :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ:

(എ) ചരിത്രപ്രാധാന്യമർഹിക്കുന്ന സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭിക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഫലമെന്തെന്ന് അറിയിക്കുമോ?

അനുബന്ധം II ദയവായി കാണുക

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി നടത്തിപ്പ് പുരോഗതിയുടെ ജില്ല തിരിച്ച് കണക്ക്

(1) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള പദ്ധതി

ക്രമ നമ്പർ	ജില്ല	അനുവദിച്ച വീടുകൾ			നിർമ്മാണം പൂർത്തിയാക്കിയവ
		1996-97	97-98	98-99	
1.	തിരുവനന്തപുരം	141	378	386	323
2.	കൊല്ലം	103	252	210	248
3.	ആലപ്പുഴ	157	238	333	214
4.	എറണാകുളം	165	210	175	25
5.	തൃശ്ശൂർ	60	88	122	-
6.	മലപ്പുറം	49	116	161	120
7.	കോഴിക്കോട്	80	292	148	208
8.	കണ്ണൂർ	29	40	56	22
9.	കാസർഗോഡ്	31	48	64	-
10.	പത്തനംതിട്ട	11	7	2	10
11.	കോട്ടയം	20	30	39	30
12.	പാലക്കാട്	11	15	18	42

(2) പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള പദ്ധതി

1.	തിരുവനന്തപുരം	442	585	442
2.	കൊല്ലം	286	315	24
3.	ആലപ്പുഴ	388	486	150
4.	കോട്ടയം	56	57	12
5.	എറണാകുളം	228	270	126
6.	തൃശ്ശൂർ	170	177	6
7.	മലപ്പുറം	200	243	83
8.	കോഴിക്കോട്	200	243	99
9.	കണ്ണൂർ	86	93	30
10.	കാസർഗോഡ്	86	102	1

അനുബന്ധം II

12.4.99 നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 10 (1644) ദയവായി കാണുക.

1998-99 സാമ്പത്തികവർഷത്തേയ്ക്ക് കേന്ദ്രവിഹിതത്തിലും സംസ്ഥാന വിഹിതത്തിലും പെടുത്തി ഓരോ തൊഴിൽദാന പദ്ധതിക്കും വേണ്ടി വകയിരുത്തിയ തുകയും 28.2.1999 വരെ ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	ആകെ	ചെലവഴിച്ച തുക (ലക്ഷത്തിൽ)
ജെ.ആർ.വൈ.	3965.65	991.45	4957.10	2689.36
ഇ.എ.എസ്.	6080.00	1520.00	7600.00	4347.43

LIBRARY ARCHIVES Kerala Legislative Assembly

ഐ.എ.വൈ	2836.21	709.06	3545.27	2220.03
എം.ഡബ്ല്യൂ.എസ്.	858.05	214.53	1072.58	624.47

അനുബന്ധം III

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 13 (1650) ദയവായി കാണുക

അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ സഹായം നൽകുന്ന സംസ്ഥാന പദ്ധതിയുടെ ചട്ടങ്ങൾ

1. ഈ ചട്ടങ്ങൾ അശരണരും, രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ സഹായം നൽകുന്ന സംസ്ഥാന പദ്ധതിയുടെ ചട്ടങ്ങൾ എന്ന പേരിലറിയപ്പെടുന്നു.
2. ചികിത്സാ സഹായം 2000 രൂപ മുതൽ പരമാവധി 10,000 രൂപ വരെ നൽകുന്നതാണ്.
3. ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യകാരന്മാർക്കും, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, ചിത്രകല, ശില്പശാല, നാടൻ കലകൾ എന്നീ കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും ചികിത്സാ ധനസഹായത്തിനായി അതതു അക്കാദമികളിൽ അപേക്ഷിക്കാവുന്നതാണ്.
4. കളരി അഭ്യാസങ്ങൾ നടത്തുന്നവർ, സർക്കസ് കലാകാരന്മാർ തുടങ്ങിയവർ ഈ പദ്ധതി പ്രകാരം ചികിത്സാ സഹായത്തിന് അപേക്ഷിക്കാൻ യോഗ്യരല്ല.
5. അപേക്ഷകന്റെ പ്രതിമാസ വരുമാനം 1500/- രൂപയിൽ കവിയാൻ പാടില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന സ്വാതന്ത്ര്യസമര പെൻഷനും കലാകാര പെൻഷനും ഒഴികെ എല്ലായിനം പെൻഷനും വരുമാനമായി കണക്കിലെടുക്കുന്നതാണ്.
6. പ്രായപൂർത്തിയായ മക്കളുടെ വരുമാനം, കുടുംബപെൻഷൻ, സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, കലാകാര പെൻഷൻ, സർവീസ് പെൻഷൻകാരുടെ ഡി.എ., എന്നിവ വരുമാനത്തിൽ ഉൾപ്പെടുത്തുന്നതല്ല.
7. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
8. ധനസഹായത്തിനായി ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കി ബന്ധപ്പെട്ട അക്കാദമി വഴി അപേക്ഷിക്കേണ്ടതാണ്.
9. ജില്ലാ കളക്ടർ മുഖേന സാംസ്കാരിക വകുപ്പായിരിക്കും ധനസഹായം വിതരണം ചെയ്യുന്നത്. മറ്റ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നവർക്കും മറ്റ് രീതിയിൽ ചികിത്സാ ധനസഹായം ലഭിക്കുന്നവർക്കും ഈ പദ്ധതിപ്രകാരമുള്ള ചികിത്സാ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
10. ഗവൺമെന്റിലേയ്ക്കയച്ച രേഖകൾ യാതൊരു കാരണവശാലും തിരിച്ച് ലഭിക്കുന്നതല്ല.
11. ധനസഹായം ലഭിക്കുന്നതിന് കുറഞ്ഞ പ്രായപരിധി 50 വയസ്സായിരിക്കും.
12. ഈ പദ്ധതി പ്രകാരം ഒരു പ്രാവശ്യം ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly